REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 26-01-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാഷ്ട്രം 76-ാം റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. രാഷ്ട്രപതി ദ്രൗപതി മുർമു റിപ്പബ്ലിക് ദിന പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.**
- **വികസിത കേരളമില്ലാതെ വികസിത ഭാരതം സാധ്യമാകില്ലെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ.**
- **വയനാട്ടിൽ അക്രമകാരിയായ കടുവയെ വെടിവെച്ചു കൊല്ലുന്നത് നിയമപരമായ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ.**
- **തെരച്ചിലിനിടെ RRT സംഘത്തിലെ ഒരാളെ കടുവ ആക്രമിച്ചു.**
- **പ്രശസ്ത ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. KM ചെറിയാൻ അന്തരിച്ചു.**
- **സംവിധായകൻ ഷാഫിയുടെ ഭൗതിക ശരീരം വൈകിട്ട് കൊച്ചി കലൂർ മുസ്ലിം ജമഅത്ത് പള്ളിയിൽ കബറടക്കും.**
- **ഇന്ത്യൻ വിമൻസ് ലീഗ് ഫുട്ബോളിൽ ഗോകുലം കേരള ഇന്ന് ഹോപ്സ് FCയെ കോഴിക്കോട്ട് നേരിടും**

## വാർത്തകൾ വിശദമായി

രാഷ്ട്രം ഇന്ന് 76-ാം റിപ്പബ്ലിക് ദിനം ആഘോഷിക്കുന്നു. ന്യൂഡൽഹിയിലെ കർത്തവ്യ് പഥിൽ രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ സാന്നിധ്യത്തിലായിരുന്നു പ്രധാന ആഘോഷപരിപാടികൾ. രാവിലെ പത്തുമണിയോടെ ഈ വർഷത്തെ റിപ്പബ്ലിക് ദിന ആഘോഷ ചടങ്ങിലെ മുഖ്യാതിഥി, ഇൻഡോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്തോ-ക്കൊപ്പം കർത്തവ്യ് പഥിലെത്തിയ രാഷ്ട്രപതിയെ,

ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും രാജ്യരക്ഷാ മന്ത്രിയും ചേർന്ന് സ്വീകരിച്ചു. തുടർന്ന് ദേശീയ ഗാനത്തിന്റേയും ഗൺ സെല്യൂട്ടിന്റെയും പശ്ചാത്തലത്തിൽ ദേശീയ പതാക പാറിപ്പറന്നു. രാഷ്ട്രപതി ദ്രൗപതി മുർമു റിപ്പബ്ലിക് ദിന പരേഡിന്റെ അഭിവാദ്യം ഏറ്റു വാങ്ങി.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

.........വോയ്സ്...........

രാവിലെ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയ യുദ്ധ സ്മാരകത്തിലെത്തി ധീര യോദ്ധാക്കൾക്ക് പുഷ്പ ചക്രം അർപ്പിച്ച ശേഷമാണ് കർത്തവ്യ് പഥിൽ എത്തിയത്. രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

വർണാഭമായ റിപ്പബ്ലിക് ദിന പരേഡിൽ 160 അംഗ ഇന്തോനേഷ്യൻ മാർച്ചിംഗ് സംഘവും, 190 അംഗ ബാന്റ് സംഘവും പങ്കെടുത്തു. വിവിധ സംസ്ഥാനങ്ങളുടേയും കേന്ദ്രവകുപ്പുകളുടേയും 31 നിശ്ചല രൂപങ്ങൾ പരേഡിൽ അണിനിരന്നു. ‘സ്വർണിം ഭാരത്- വിരാസത് ഔർ വികാസ് ‘ എന്ന ആശയം പ്രകടമാക്കുന്നതായിരുന്നു നിശ്ചലദൃശ്യങ്ങൾ. 47 സൈനിക വിമാനങ്ങളുടെ ഫ്ലൈപാസ്റ്റോടെ പരേഡ് സമാപിച്ചു.

ജീവിതത്തിന്റെ നാനാതുറകളിൽ നിന്നും തെരഞ്ഞെടുത്ത പതിനായിരത്തോളം വിശിഷ്ടാതിഥികളെ റിപ്പബ്ലിക് ദിന പരേഡിലേക്ക് ക്ഷണിച്ചിരുന്നു.

✪✪✪

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തിയതോടെയാണ് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് തുടക്കമായത്. മുഖ്യമന്ത്രി പിണറായി വിജയനും ചടങ്ങിൽ സംബന്ധിച്ചു. സേനാ വിഭാഗങ്ങളുടെയും, NCC, NSS, സ്കൗട്സ് & ഗൈഡ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ തുടങ്ങിയ വിഭാഗങ്ങളുടെയും അഭിവാദ്യം ഗവർണർ സ്വീകരിച്ചു.

വികസിത കേരളമില്ലാതെ വികസിത ഭാരതം സാധ്യമാകില്ലെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ റിപബ്ലിക് ദിനസന്ദേശത്തിൽ പറഞ്ഞു. രാജ്യപുരോഗതിക്കായി ഭരണ പ്രതിപക്ഷ അംഗങ്ങൾ ഒന്നിച്ചുനിൽക്കണമെന്നും അദ്ദേഹം പറഞ്ഞു.

മറ്റു ജില്ലകളിലെ റിപ്പബ്ലിക് ദിന ആഘോഷങ്ങളെപറ്റി തയ്യാറാക്കിയ റിപ്പോർട്ട്.

.......വോയ്സ്..........

കൊച്ചിയിൽ  മന്ത്രി പി.രാജീവും കോഴിക്കോട്ട്  മന്ത്രി PA മുഹമ്മദ് റിയാസും ദേശീയ പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു. ഭരണഘടന സംരക്ഷിക്കുക എന്നത് ഇന്നത്തെ കാലഘട്ടത്തിന്റെ ഏറ്റവും സുപ്രധാന ഉത്തരവാദിത്തമായി മാറിയിരിക്കുകയാണെന്ന് മന്ത്രി രാജീവ് പറഞ്ഞു. പരസ്പരം സ്നേഹിക്കാനും ബഹുമാനിക്കാനും കഴിയുന്ന വിശാലമായ മാനവികമുല്യങ്ങളിൽ ഉറച്ച് നിന്ന് മുന്നോട്ട് പോകണമെന്ന് മന്ത്രി P.A മുഹമ്മദ് റിയാസ് ആവശ്യപ്പെട്ടു.

കാസർകോട്ട് മന്ത്രി KB ഗണേഷ്കുമാർ, കണ്ണൂരിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരും പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു. പരിപാവനമായ ഭരണഘടന സംരക്ഷിക്കാൻ എല്ലാവർക്കും ചുമതല ഉണ്ടെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു.

പത്തനംതിട്ടയിൽ മന്ത്രി J. ചിഞ്ചുറാണി പതാക ഉയർത്തി. ഏഴര പതിറ്റാണ്ടുകൾ പിന്നിട്ട ഇന്ത്യൻ റിപ്പബ്ലിക്ക് ഇന്നും തലയെടുപ്പോടെ ഉയർന്നു നിൽക്കുന്നതിനു അടിത്തറ ലോകോത്തരമായ ഭരണഘടനയാണെന്ന് മന്ത്രി പറഞ്ഞു.

✪✪✪

കൊച്ചി ദക്ഷിണ മേഖല നാവിക കമാൻഡ് ആസ്ഥാനത്ത് ഫ്ലാഗ് ഓഫീസർ കമാൻഡിങ് ഇൻ ചീഫ്, വൈസ് അഡ്മിറൽ V. ശ്രീനിവാസ് INS വെണ്ടുരുത്തിയിലെ യുദ്ധ സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ചു. സീ കാഡറ്റുകൾ, NCC ഉൾപ്പെടെ 800 -ലധികം പേർ പങ്കെടുത്ത പരേഡ് അദ്ദേഹം പരിശോധിച്ചു. റിപ്പബ്ലിക് ദിനാചരണത്തിന്റെ ഭാഗമായി ചേതക് ഹെലികോപ്റ്ററുകൾ പങ്കെടുത്ത ഫ്ലൈറ്റ് പാസ്റ്റും സംഘടിപ്പിച്ചിരുന്നു.

✪✪✪

ലക്ഷദ്വീപിൽ കവരത്തി സ്ക്കൂൾ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച റിപ്പബ്ലിക് ദിനാഘോഷ പരിപാടിയിൽ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് Sandeep Kumar ദേശീയ പതാക ഉയർത്തി പരേഡിനെ അഭിവാദ്യം ചെയ്തു.

മറ്റ് 9 ദ്വീപുകളിലും സ്ഥലത്തെ ഡപ്യൂട്ടി കലക്ടർമാർ, മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ ദേശീയ പതാക ഉയർത്തി പരേഡിന്റെ അഭിവാദ്യം സ്വീകരിച്ചു.

✪✪✪

റിപ്പബ്ലിക് ദിനത്തിന്റെ മൂല്യങ്ങൾ ഉൾക്കൊണ്ട് തദ്ദേശ തെരഞ്ഞെടുപ്പിൽ എല്ലാ പൗരന്മാരും വോട്ട് ചെയ്യണമെന്ന്  സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ A. ഷാജഹാൻ ആവശ്യപ്പെട്ടു. അർഹരായ എല്ലാവരെയും വോട്ടർപ്പട്ടികയിൽ ഉൾപ്പെടുത്താനും അവരെ വോട്ട് ചെയ്യാൻ പ്രേരിപ്പിക്കാനും ശ്രമിക്കുമെന്ന്

അദ്ദേഹം തിരുവനന്തപുരത്ത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസ് അങ്കണത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ പറഞ്ഞു.

✪✪✪

വയനാട്ടിൽ ആക്രമകാരിയായ കടുവയെ വെടിവെച്ചു കൊല്ലുന്നത് നിയമപരമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് മാത്രമായിരിക്കുമെന്ന് മന്ത്രി AK ശശീന്ദ്രൻ പറഞ്ഞു. ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷക്കുമാണ് പ്രധാന്യം. അതേസമയം, ഇപ്പോഴത്തെ നിയമങ്ങളും കർശനമായി പാലിക്കണമെന്ന് മന്ത്രി കൽപ്പറ്റയിൽ പറഞ്ഞു.

കടുവ ആക്രമണത്തിൽ മരിച്ച രാധയുടെ വീട് മന്ത്രി സന്ദർശിക്കും.

✪✪✪

വയനാട് പഞ്ചാരകൊല്ലിയിൽ കടുവാ തെരച്ചിൽ ദൗത്യത്തിനിടെ RRT സംഘത്തിലെ ഒരാൾക്ക് കടുവാ ആക്രമണത്തിൽ പരുക്കേറ്റു. മന്ത്രി AK ശശീന്ദ്രൻ ഇക്കാര്യം സ്ഥിരീകരിച്ചു. മാനന്തവാടി RRT അംഗം ജയസൂര്യക്കാണ് പരിക്കേറ്റത്. അദ്ദേഹത്തെ മാനന്തവാടി മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. കാട്ടിലെ തെരച്ചിലിനിടെ കടുവ ജയസൂര്യക്ക് നേരെ ചാടിവീണ് ആക്രമിക്കുകയായിരുന്നു.

✪✪✪

വയനാട്ടിൽ നിരന്തരമായി ഉണ്ടാകുന്ന വന്യജീവി ആക്രമണത്തിൽ ജനങ്ങൾ ഭീതിയിലാണെന്നും സുരക്ഷ ഉറപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും പ്രിയങ്ക ഗാന്ധി MP ആവശ്യപ്പെട്ടു. മേഖല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ KS ദീപയുമായി ടെലിഫോൺ സംഭാഷണത്തിലാണ് പ്രിയങ്ക ഇക്കാര്യം ആവശ്യപ്പെട്ടത്. ജനുവരിയിൽ മാത്രം നാല് മനുഷ്യ ജീവനുകൾ വയനാട്ടിൽ വന്യജീവി ആക്രമണത്തിൽ നഷ്ടപ്പെട്ടതായി പ്രിയങ്ക ഗാന്ധി കൺസർവേറ്ററെ ഓർമ്മിപ്പിച്ചു.

✪✪✪

പ്രശസ്ത ഹൃദയ ശസ്ത്രക്രിയാ വിദഗ്ധൻ ഡോ. KM ചെറിയാൻ അന്തരിച്ചു. ഇന്നലെ രാത്രി പന്ത്രണ്ടോടെ ബെംഗളൂരുവിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. വിവാഹ ചടങ്ങിൽ പങ്കെടുക്കാൻ എത്തിയപ്പോൾ കുഴഞ്ഞു വീഴുകയായായിരുന്നു.

ഇന്ത്യയിൽ ആദ്യമായി കൊറോണറി ആർട്ടറി ബൈപ്പാസ് ശസ്ത്രക്രിയ നടത്തിയത് ഡോക്ടർ KM ചെറിയാൻ ആയിരുന്നു. രാജ്യത്തെ ആദ്യ ഹൃദയം

മാറ്റിവെക്കലും, ഹൃദയവും ശ്വാസകോശവും ഒരേസമയം മാറ്റിവെക്കലും അദ്ദേഹമാണ് നടത്തിയത്.

1991 - ൽ രാഷ്ട്രം അദ്ദേഹത്തിന് പത്മശ്രീ നൽകി ആദരിച്ചു. ഹാർവാർഡ് മെഡിക്കൽ സ്കൂളിന്റെ വോക്കാർഡ് മെഡിക്കൽ എക്സലൻസ് അവാർഡ് എന്നിവയടക്കം നിരവധി പുരസ്കാരങ്ങളും ഡോ. ചെറിയാന് ലഭിച്ചിട്ടുണ്ട്.

✪✪✪

ആധുനിക ഹൃദയ ചികിത്സാമേഖലക്ക് തീരാനഷ്ടമാണ് ഡോ.KM ചെറിയാന്റെ വേർപാടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇന്ത്യയിലെ ആദ്യത്തെ കൊറോണറി ആർട്ടറി ബൈപ്പാസ് സർജറി നടത്തിയ ഡോ. ചെറിയാന്റെ വിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തുന്നതായും മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

അന്തരിച്ച പ്രശസ്ത സംവിധായകൻ ഷാഫിയുടെ ഭൗതിക ശരീരം വൈകിട്ട് നാലിന് കൊച്ചി കലൂർ മുസ്ലിം ജുമഅത്ത് പള്ളിയിൽ കബറടക്കും. ഇടപ്പള്ളിയിലെ വസതിയിലും മണപ്പാട്ടിപ്പറമ്പ് കൊച്ചിൻ സഹകരണ ബാങ്ക് ഹാളിലും പൊതുദർശനത്തിനു വെച്ച ഭൗതികശരീരത്തിൽ കലാസാംസ്കാരിക രാഷ്ട്രീയ രംഗത്തെ പ്രമുഖർ അന്തിമോപചാരം അർപ്പിച്ചു.

കഴിഞ്ഞ കുറച്ചു ദിവസങ്ങളായി മസ്തിഷ്ക രക്തസ്രാവത്തെ തുടർന്ന് കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്നു അദ്ദേഹം. ഇന്നലെ അർദ്ധ രാത്രിയോടെയായിരുന്നു 56കാരനായ അദ്ദേഹത്തിന്റെ അന്ത്യം. മായാവി, കല്യാണരാമൻ, ചട്ടമ്പിനാട് ഉൾപ്പെടെ നിരവധി ഹിറ്റ് ചിത്രങ്ങൾ സംവിധാനം ചെയ്തിട്ടുണ്ട്.

✪✪✪

സംവിധായകൻ ഷാഫിയുടെ വിയോഗത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. മലയാളി പ്രേക്ഷകരുടെ ഹൃദയത്തിൽ ഇടം നേടിയ അനേകം ജനപ്രിയ സിനിമകളുടെ സംവിധായകനെയാണ് ഷാഫിയുടെ വിയോഗത്തിലൂടെ നഷ്ടമായിരിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഷാഫിയുടെ നിര്യാണത്തിൽ മന്ത്രി സജി ചെറിയാനും അനുശോചിച്ചു. അദ്ദേഹത്തിന്റെ വിയോഗം മലയാള സിനിമയിൽ ആഴത്തിലുള്ള വിടവുണ്ടാക്കുമെന്ന് മന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ആറൻമുള കിടങ്ങന്നൂരിന് സമീപം കുളിക്കുന്നതിനിടെ കനാലിൽ ഒഴുക്കിൽപെട്ട് കാണാതായ രണ്ട് പത്താം ക്ലാസ് വിദ്യാർഥികളുടെ മൃതദേഹം കണ്ടെടുത്തു. കിടങ്ങന്നൂർ നാൽക്കാലിക്കൽ SV GVHSSലെ വിദ്യാർത്ഥികളായ ആർ അഭിരാജ്,അനന്തു നാഥ് എന്നിവരാണ് മരിച്ചത്.

✪✪✪

ഇന്ത്യൻ വിമൻസ് ലീഗ് ഫുട്ബോളിൽ ഗോകുലം കേരള ഇന്ന് ഹോപ്സ് FCയെ നേരിടും. വൈകിട്ട് നാലിന് കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മൊഹമ്മദൻസ് SC, മുംബൈ സിറ്റിയെ നേരിടും.വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്തയിലാണ് മത്സരം

✪✪✪

പിണറായി ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ നിരന്തര സമര പോരാട്ടങ്ങളുമായി കോൺഗ്രസ് മുന്നോട്ട് പോകുമെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ പറഞ്ഞു.

കോൺഗ്രസ് പ്രവർത്തകർ പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഒറ്റക്കെട്ടായി പ്രവർത്തിച്ച് CPIMനെ തറപറ്റിക്കണമെന്ന് അദ്ദേഹം കാഞ്ഞങ്ങാട്ട് ആവശ്യപ്പെട്ടു. കാസർകോട് DCC സംഘടിപ്പിച്ച KP കുഞ്ഞിക്കണ്ണൻ അനുസ്മരണ സമ്മേളനവും പ്രത്യേക പ്രവർത്തക കൺവെൻഷനും കാഞ്ഞങ്ങാട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു KC വേണുഗോപാൽ.

✪✪✪

KPCC യിൽ നേതൃമാറ്റം വേണമെന്ന അഭിപ്രായമില്ലെന്ന് AICC പ്രവർത്തക സമിതി അംഗം ഡോ. ശശി തരൂർ പറഞ്ഞു. ഇതിൽ തീരുമാനം എടുക്കേണ്ടത് പാർട്ടി ഹൈക്കമാൻഡ് ആണെന്നും അദ്ദേഹം കോഴിക്കോട്ട് അഭിപ്രായപ്പെട്ടു. ഇപ്പോൾ തദ്ദേശ സ്ഥാപന തെരഞ്ഞെടുപ്പിനാണ് പ്രാധാന്യം നൽകേണ്ടത്. കേന്ദ്ര ബജറ്റിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിഹിതം ഉറപ്പുവരുത്തണമെന്നും ഡോ. തരൂർ ആവശ്യപ്പെട്ടു.

✪✪✪

പത്തനംതിട്ട ജില്ലയിൽ വീണ്ടും പോക്സോ കേസ് റിപ്പോർട്ട് ചെയ്തു. പതിനേഴുകാരിയെ നിരന്തരലൈംഗിക പീഡനത്തിന് ഇരയാക്കിയ സംഭവത്തിൽ അടൂർ പൊലീസ് 9 കേസുകൾ രജിസ്റ്റർ ചെയ്തു. നാല്

പ്രതികളെ പിടികൂടി. സ്കൂളിൽ ശിശുക്ഷേമസമിതി നടത്തിയ കൗൺസിലിംഗിലാണ് പീഡനവിവരം പുറത്തുവന്നത്.

✪✪✪

സംസ്ഥാനത്ത് ഇന്ന് ചിലയിടങ്ങളിൽ രണ്ട് മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പു നൽകി. ഉയർന്ന താപനിലയും അന്തരീക്ഷത്തിലെ ഈർപ്പവും ചൂടും അസ്വസ്ഥതകളും ഉണ്ടാക്കാമെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

✪✪✪

സംസ്ഥാന ബജറ്റിൽ ഭിന്നശേഷി പെൻഷൻ 3000 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കേരള ഫെഡറേഷൻ ഓഫ് ദ ബ്ലൈന്റ് സംസ്ഥാന ഗവൺമെന്റിന് നിവേദനം നൽകി. ആശ്വാസ കിരണം സഹായം 600 രൂപയിൽ നിന്ന് 1000 രൂപയാക്കി വർദ്ധിപ്പിക്കണമന്നതടക്കം ആവശ്യങ്ങളും ഫെഡറേഷൻ ഉന്നയിച്ചിട്ടുണ്ട്.

✪✪✪

റിപ്പബ്ലിക്ക് ദിനാഘോഷത്തിന്റെ ഭാഗമായി രാഷ്ട്രഭാഷാവേദി ഹിന്ദി സംസാരിക്കാൻ ആഗ്രഹിക്കുന്ന മലയാളികൾക്കായി ഒരു വർഷം നീളുന്ന ഹിന്ദി പരിശീലനം ഇന്ന് ആരംഭിക്കും. എല്ലാ വ്യാഴാഴ്ചകളിലും വൈകീട്ട് 5 മുതൽ 7 മണി വരെയായിരിക്കും ക്ലാസ്സുകൾ. 14 ജില്ലകളിലും തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സ്പോക്കൺ ഹിന്ദി ക്ലാസ്സുകൾ ഉണ്ടായിരിക്കും.

✪✪✪

കൊല്ലം ചിതറ മാങ്കോട് ഇന്നലെ രാത്രി മൂന്ന് പേർക്ക് വെട്ടേറ്റു. ലോറിയിൽ തടി കയറ്റുന്നതിനിടെ കേബിൾ പൊട്ടിയതുമായി ബന്ധപ്പെട്ട തർക്കമാണ് സംഘർഷത്തിന് കാരണമെന്ന് കരുതുന്നു. ആക്രമികളെ തിരിച്ചറിഞ്ഞിട്ടില്ല.

✪✪✪

കോഴിക്കോട് ഫറോക്കിൽ പ്ലസ് വൺ വിദ്യാർഥിക്ക് കുത്തേറ്റ സംഭവത്തിൽ സഹപാഠിയുടെ രക്ഷിതാവിനെ പോലീസ് കസ്റ്റഡിയിലെടുത്തു. സഹപാഠിക്ക് പ്രായപൂർത്തിയാകാതിനാൽ നോട്ടീസ് നൽകി വിട്ടയച്ചു. വിദ്യാർഥികൾ തമ്മിലുള്ള പ്രശ്നമാണ് ആക്രമണത്തിൽ കലാശിച്ചതെന്ന് പോലീസ് പറഞ്ഞു.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*Casual News Readers: രജ്ന കെ ആസാദ്,*
*ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*